I ഇ.ബി. XIII-കേരള നിയമസഭ/XIII-2

# പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

2015 മാർച്ച് 9, തിങ്കളാഴ്ച

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## ചരമോപചാരം

സ്പീക്കർ ജി. കാർത്തികേയന്റെ നിര്യാണം

മി. ഡെപ്യൂട്ടി സ്പീക്കർ: നിയമസഭാ സ്പീക്കർ ജി. കാർത്തികേയൻ 2015 മാർച്ച് 7-ന് നമ്മോട് വിടപറഞ്ഞ ദുഃഖകരമായ വാർത്ത അത്യന്തം വേദനയോടെയാണ് നാം ശ്രവിച്ചത്. നിയമസഭാ സമ്മേളനം നടക്കുന്ന വേളയിൽ നിര്യാതനാകുന്ന ആദ്യത്തെ സ്പീക്കറാണ് അദ്ദേഹം. 1949 ജനുവരി 20-ന് തിരുവനന്തപുരം ജില്ലയിലെ വർക്കലയിൽ എൻ. പി. ഗോപാലപിള്ളയുടെയും എൽ. വനജാക്ഷി അമ്മയുടെയും മകനായി അദ്ദേഹം ജനിച്ചു. കൊല്ലം എസ്.എൻ. കോളേജ് കെ.എസ്.യു. യൂണിറ്റ് പ്രസിഡന്റായി വിദ്യാർത്ഥി പ്രസ്ഥാനത്തിലൂടെ പൊതുപ്രവർത്തന രംഗത്ത് എത്തിയ അദ്ദേഹം വർക്കല, കൊല്ലം എസ്.എൻ. കോളേജുകളിൽ വിദ്യാഭ്യാസം നേടുകയും തുടർന്ന്

നിയമപഠനം പൂർത്തിയാക്കുകയും ചെയ്തു. യൂത്ത് കോൺഗ്രസ് സംസ്ഥാന ജനറൽ സെക്രട്ടറി, സംസ്ഥാന പ്രസിഡന്റ്, കെ.പി.സി.സി. ജനറൽ സെക്രട്ടറി, വൈസ് പ്രസിഡന്റ് തുടങ്ങിയ നിലകളിൽ പ്രവർത്തിക്കുകയും 1982-ൽ ഏഴാം കേരള നിയമസഭയിലേയ്ക്ക് തിരുവനന്തപുരം നോർത്ത് നിയോജക മണ്ഡലത്തിൽനിന്നും ആദ്യമായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്ത അദ്ദേഹം 1991, 1996, 2001, 2006 എന്നീ വർഷങ്ങളിൽ ആര്യനാട് നിയോജക മണ്ഡലത്തിൽനിന്നും 2011-ൽ അരുവിക്കര നിയോജക മണ്ഡലത്തിൽനിന്നും ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പ്രതിനിധിയായി തെരഞ്ഞെടുക്കപ്പെട്ടു. കോൺഗ്രസ് നിയമസഭാ കക്ഷി ഡെപ്യൂട്ടി ലീഡർ, കോൺഗ്രസ് ചീഫ് വിപ്പ് എന്നീ പദവികൾ വഹിച്ചിട്ടുള്ള അദ്ദേഹം 1995-96 കാലയളവിൽ വിദ്യുച്ഛക്തി വകുപ്പിന്റെയും 2001-2004 കാലയളവിൽ ഭക്ഷ്യം, സിവിൽ സപ്ലൈസ്, ദേവസ്വം, സാംസ്കാരികം എന്നീ വകുപ്പുകളുടെ മന്ത്രിയായി ചുമതലയേൽക്കുകയും ഈ വകുപ്പുകളിൽ നൂതനമായ അനേകം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്തു. 2011 ജൂൺ 2-ാം തീയതി കേരള നിയമസഭയുടെ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട അദ്ദേഹം സ്പീക്കർ എന്ന നിലയിൽ നിയമസഭയുടെ നടപടിക്രമങ്ങളിൽ നവീനമായ ഒട്ടനേകം പരിഷ്കാരങ്ങൾ നടപ്പിലാക്കിക്കൊണ്ട് തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ചിട്ടാണ് യാത്രയായത്. സഭാ സമ്മേളനം ആരംഭിക്കുന്ന ദിവസവും അവസാനിക്കുന്ന ദിവസവും ദേശീയഗാനം

ആലപിക്കുന്ന രീതി നടപ്പിലാക്കിയതോടൊപ്പം സഭാ നടപടികൾ പൂർണ്ണമായി വെബ്കാസ്റ്റ് ചെയ്യുന്ന സംപ്രദായവും ആരംഭിച്ചു. സഭയ്ക്കുള്ളിൽ പ്രസംഗത്തിന് ലാപ്ടോപ്പും ഐപാഡും ഉപയോഗിക്കാൻ സഭാംഗങ്ങൾക്ക് അനുമതി നൽകുകയും സഭാംഗങ്ങൾക്ക് പുസ്തകങ്ങൾ വാങ്ങിക്കുവാൻ പ്രതിവർഷം 15,000 രൂപ അനുവദിക്കുകയും ചെയ്തു. ഒരു വർഷം നീണ്ടുനിൽക്കുന്ന പരിപാടികളോടെ നിയമനിർമ്മാണ സഭയുടെ 125-ാം വാർഷികാഘോഷം സംഘടിപ്പിക്കുന്നതിന് നേതൃത്വം നൽകിയ അദ്ദേഹത്തിന്റെ പ്രവർത്തനത്തിന്റെ ഫലമായി രാഷ്ട്രപതിയും ഉപരാഷ്ട്രപതിയും സഭയെ അഭിസംബോധന ചെയ്യുകയും കേന്ദ്ര സർക്കാർ ഒരു അനുസ്മരണ തപാൽ സ്റ്റാമ്പ് പുറപ്പെടുവിക്കുകയും ചെയ്തു. 125 വർഷത്തിന്റെ പ്രതീകമായി നിയമസഭാ വളപ്പിൽ 125 വൃക്ഷത്തൈകൾ നട്ടുകൊണ്ട് നിയമസഭയെ ഹരിതാഭമാക്കുന്നതിന് തുടക്കം കുറിച്ചെന്ന് മാത്രമല്ല, ഇതിന്റെ ഭാഗമായി മഴവെള്ള സംഭരണികൾ സ്ഥാപിക്കുകയും നിയമസഭാ മ്യൂസിയത്തിൽ പുതുതായി ഗാന്ധിസ്മൃതി, ഭരണഘടനാ വിഭാഗം എന്നിവ തുറക്കുകയും ചെയ്തു. നിയമസഭാ സാമാജികർക്കും ജീവനക്കാർക്കും പരിശീലനം നൽകുന്നതിനായി ആരംഭിച്ച സെന്റർ ഫോർ പാർലമെന്ററി സ്റ്റഡീസ് ആന്റ് ട്രെയിനിംഗ് എന്ന വിഭാഗത്തിന്റെ മേൽനോട്ടത്തിൽ വിദൂര പഠന രീതിയിൽ ആറ് മാസത്തെ സർട്ടിഫിക്കറ്റ് കോഴ്സ് ഭാരതത്തിൽ ആദ്യമായി നമ്മുടെ നിയമസഭയിൽ ആരംഭിച്ചു. നിയമസഭാ ഹാളിൽനിന്ന് വാച്ച് ആന്റ് വാർഡിനെ

പിൻവലിച്ച അദ്ദേഹത്തിന്റെ നടപടി പരക്കെ ശ്ലാഘിക്കപ്പെട്ടുകയും അതുവഴി നിയമസഭയെ കൂടുതൽ ജനകീയമാക്കാൻ സ്പീക്കർ എന്ന നിലയിൽ ജി. കാർത്തികേയന് സാധിക്കുകയും ചെയ്തു. ദീർഘകാലം തൊട്ടടുത്ത മണ്ഡലങ്ങളെ പ്രതിനിധീകരിക്കുകയും എം.എൽ.എ. ഹോസ്റ്റലിൽ തൊട്ടടുത്ത മുറികളിൽ താമസിക്കുകയും ചെയ്ത എനിക്ക് വ്യക്തിപരമായി ജി.കാർത്തികേയന്റെ നിര്യാണത്തോടെ സ്നേഹനിധിയായ ഒരു സഹോദരനെയാണ് നഷ്ടപ്പെട്ടിരിക്കുന്നത്. നിയമസഭാ സെക്രട്ടേറിയറ്റിലെ ജീവനക്കാരെ എപ്പോഴും തന്റെ കുടുംബാംഗങ്ങളെപ്പോലെ അദ്ദേഹം സ്നേഹിച്ചിരുന്നു. ഏറ്റെടുത്ത കർമ്മ മണ്ഡലങ്ങളിലെല്ലാം സ്വന്തമായ വ്യക്തിമുദ്ര പതിപ്പിച്ചിട്ടാണ് അദ്ദേഹം യാത്രയായത്. സൗമ്യമായ ഇടപെടലും ആത്മാർത്ഥമായ പ്രവർത്തനവും അദ്ദേഹത്തിന്റെ പ്രത്യേകതകളായിരുന്നു. അക്ഷരങ്ങളേയും കലയേയും അതിരറ്റ് സ്നേഹിച്ച മികച്ച ഒരു വാഗ്മിയേയും ദീർഘദർശിയായ ഭരണാധികാരിയേയും സ്നേഹനിധിയായ ഉത്തമ വ്യക്തിയേയും ആദർശവും സ്ഥൈര്യവും കാത്തുസൂക്ഷിച്ച മികച്ച സംഘാടകനേയും വരും തലമുറയ്ക്ക് മാതൃകയായ ജനനേതാവിനേയുമാണ് അദ്ദേഹത്തിന്റെ നിര്യാണത്തിലൂടെ നഷ്ടമായിരിക്കുന്നത്. ജി.കെ. എന്ന രണ്ട് അക്ഷരത്തിലൂടെ ജനങ്ങളുടെ മനസ്സിൽ സ്ഥിരപ്രതിഷ്ഠ നേടിയ ഈ നേതാവിന്റെ പാവന സ്മരണയ്ക്ക് മുന്നിൽ ആദരാഞ്ജലി അർപ്പിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സഭാ നാഥനായിരുന്ന ജി.

കാർത്തികേയനെക്കുറിച്ച് ഇവിടെ പറഞ്ഞ വാക്കുകളോട് പൂർണ്ണമായി യോജിക്കുന്നു. അദ്ദേഹത്തിന്റെ വേർപാടുമൂലം സഭയ്ക്കും കേരളത്തിലെ പൊതു പ്രവർത്തന രംഗത്തിനും പ്രത്യേകിച്ച് ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിനും വലിയ നഷ്ടമാണ് സംഭവിച്ചിരിക്കുന്നത്. കേരളത്തിന്റെ പൊതു ജീവിതത്തിന് ഒരു മുതൽക്കൂട്ടായിരുന്ന ജി.കെ. എന്ന പേരിൽ അറിയപ്പെട്ടിരുന്ന അദ്ദേഹം പൊതുജീവിതത്തിന്റെ അലങ്കാരമായിരുന്നു. അദ്ദേഹത്തിന്റെ സാന്നിധ്യം വളരെ നാളുകൾകൂടി പ്രതീക്ഷിച്ചിരുന്ന അവസരത്തിലാണ് അദ്ദേഹം നമ്മെ വിട്ടുപിരിഞ്ഞത്. കേരള രാഷ്ട്രീയത്തിന്റെ സൗമ്യ സാന്നിധ്യം എന്ന് വിശേഷിപ്പിക്കാൻ സാധിക്കുന്ന അദ്ദേഹം ഇന്ന് ഓർമ്മയായി മാറിക്കഴിഞ്ഞു. കുലീനമായ പെരുമാറ്റവും നിശ്ചയദാർഢ്യത്തോടെയുള്ള സമീപനവും ശാന്തവും ലളിതവുമായ ജീവിതവും ഉന്നതമായ ജനാധിപത്യ ബോധവുംകൊണ്ട് കേരളീയ പൊതു സമൂഹത്തിന്റെ വിശ്വാസവും സ്നേഹവും ആദരവും പിടിച്ചുപറ്റിയ അത്യപൂർവ്വമായ വ്യക്തിയായിരുന്നു ജി. കാർത്തികേയൻ. ആറ് തവണ നിയമസഭാംഗമായും രണ്ടു തവണ മന്ത്രിയായും പ്രവർത്തിച്ച അദ്ദേഹത്തെ കേരളം എപ്പോഴും അനുസ്മരിക്കുന്നത് നിയമസഭാ സ്പീക്കറായിരുന്നുകൊണ്ട് അദ്ദേഹം നടത്തിയ സേവനങ്ങളിലൂടെയാണ്. ഭരണപക്ഷത്തിന്റെ ഭരണഘടനാപരമായ അവകാശം സാധിച്ചുകൊണ്ടും പ്രതിപക്ഷത്തിന്റെ അവകാശങ്ങൾ പൂർണ്ണമായും സംരക്ഷിച്ചുകൊണ്ടും ഭരണ/പ്രതിപക്ഷ സംഖ്യ തുല്യമായ സഭയിൽ സഭയുടെ

പ്രവർത്തനം മാതൃകാപരമായ രീതിയിൽ മുന്നോട്ടുകൊണ്ടുപോകാൻ അദ്ദേഹത്തിന് സാധിച്ചിരുന്നു. ചട്ടങ്ങളുടെ ചാട്ടവാറിനേക്കാൾ സ്നേഹപൂർണ്ണമായ നിർദ്ദേശങ്ങളും ഉപദേശങ്ങളും ഇഷ്ടപ്പെട്ടിരുന്ന അദ്ദേഹത്തിന് ഇതുമൂലം ഭരണ/പ്രതിപക്ഷ കക്ഷികളുടെ സ്നേഹവും ബഹുമാനവും ആർജ്ജിക്കാൻ കഴിഞ്ഞിരുന്നു, വാച്ച് ആന്റ് വാർഡിനെ നിയമസഭയ്ക്കുള്ളിൽനിന്ന് പിൻവലിക്കാനുള്ള അദ്ദേഹത്തിന്റെ തീരുമാനത്തിലൂടെ നിയമസഭാംഗങ്ങളുടെ ഉന്നതമായ ജനാധിപത്യ ബോധത്തിൽ അദ്ദേഹത്തിനുള്ള അതിരറ്റ വിശ്വാസമാണ് നിഴലിച്ചുകണ്ടത്. അതിന് ഭംഗം വരുന്ന സംഭവങ്ങൾ ആവർത്തിക്കപ്പെട്ടെങ്കിലും അദ്ദേഹം തീരുമാനത്തിൽനിന്ന് പിന്നോട്ടുപോയില്ല. നിഷ്പക്ഷനും നീതിമാനുമായ സ്പീക്കർ എന്ന നിലയിൽ കേരളം അദ്ദേഹത്തെ എന്നും അനുസ്മരിക്കും. ദീർഘവീക്ഷണത്തോടെ അദ്ദേഹം തുടക്കം കുറിച്ച രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി ഇന്ന് ഇന്ത്യയിലെ ഏറ്റവും വലിയ ബയോടെക്നോളജി സ്ഥാപനമായും ലോകത്തിലെ വളരെയേറെ യൂണിവേഴ്സിറ്റികളുമായി എം.ഒ.യു. ഒപ്പിട്ട് നിരവധി ഗവേഷണം നടത്തുന്ന സ്ഥാപനമായും മാറിയിരിക്കുന്നത് അദ്ദേഹം തൊടുന്നതെല്ലാം വിജയമാക്കുന്നതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ്. വിദ്യാർത്ഥി ജീവിത കാലംമുതൽ സഹപ്രവർത്തകനായിരുന്ന അദ്ദേഹവുമായി കൂടുതൽ അടുത്ത് ഇടപഴകാൻ അവസരം ലഭിക്കുന്നത് അദ്ദേഹം കെ.പി.സി.സി. ഭാരവാഹിയായും

എം.എൽ.എ.ആയും വരുന്ന സമയത്താണ്. കഴിഞ്ഞ നിയമസഭയിൽ പ്രതിപക്ഷ നേതാവായിരുന്ന എനിക്ക് ഉപനേതാവ് എന്ന നിലയിൽ അദ്ദേഹം നൽകിയ സ്നേഹവും പിന്തുണയും പ്രതിസന്ധി ഘട്ടങ്ങളിലെ മാർഗ്ഗ നിർദ്ദേശങ്ങളും വിസ്മരിക്കാൻ കഴിയില്ല. പാർട്ടിയിലും പൊതുപ്രവർത്തന രംഗത്തും വ്യത്യസ്തമായ നിലപാടുകൾ സ്വീകരിച്ചുകൊണ്ട് എന്നും ശ്രദ്ധേയനായിരുന്ന അദ്ദേഹം കോൺഗ്രസ്സ് പാർട്ടിയോടും പാർട്ടി താത്പര്യങ്ങളോടും അചഞ്ചലമായ കൂറ് പുലർത്തിയിരുന്നു. തികച്ചും സാധാരണമായ സാഹചര്യങ്ങളിൽനിന്ന് പാർട്ടിയുടെ ഉന്നത ശ്രേണിയിലേയ്ക്ക് ചവിട്ടിക്കയറിയ അദ്ദേഹത്തിന്റെ പെരുമാറ്റത്തിലും പ്രസംഗത്തിലും തികഞ്ഞ കുലീനത്വം പ്രകടമായിരുന്നു. ആരോടും പരിഭവമോ പരാതിയോ ഇല്ലാതെ എല്ലാവരേയും ഇഷ്ടപ്പെട്ടും സ്നേഹിച്ചും നടന്നുനീങ്ങിയ അദ്ദേഹം എന്നും നമ്മുടെ ഓർമ്മയിലുണ്ടാകും. അദ്ദേഹത്തിൽ വിശ്വാസമർപ്പിച്ച സഹപ്രവർത്തകരേയും ജനങ്ങളേയും ഒരിക്കൽപ്പോലും നിരാശപ്പെടുത്താതെ വിശ്വസനീയത ജീവിതകാലം മുഴുവൻ പുലർത്തിയിരുന്ന അദ്ദേഹത്തിന്റെ അവസാന പൊതുപരിപാടിയിൽ പങ്കെടുക്കാൻ എനിക്ക് അവസരം ലഭിച്ചു. ജി. കാർത്തികേയനിൽ ഞാനേറ്റവും വിലമതിക്കുന്നത് അദ്ദേഹത്തിൽ വിശ്വാസമർപ്പിച്ച ജനങ്ങളെയും സഹപ്രവർത്തകരെയും ഒരിക്കൽപ്പോലും നിരാശപ്പെടുത്തിയിരുന്നില്ല എന്നുള്ളതാണ്. തന്റെ സ്വകാര്യദു:ഖങ്ങൾ എന്നും തന്നിൽ മാത്രം ഒതുക്കിനിർത്താനാണ് അദ്ദേഹം

ശ്രമിച്ചിരുന്നത്. രോഗവിവരംപോലും ദീർഘകാലമായി മറ്റാരുമായും പങ്കുവച്ചിരുന്നില്ല. മുഖത്ത് പ്രകടമായ വിഷാദഭാവം മനസ്സിലൊതുക്കിപിടിച്ച് അക്ഷോഭ്യനായിട്ടാണ് അദ്ദേഹം മരണത്തിലേയ്ക്ക് നടന്നുനീങ്ങിയത്. അദ്ദേഹത്തിന്റെ നിര്യാണത്തിൽ എന്റെയും എന്റെ പാർട്ടിയുടെയും അനുശോചനം രേഖപ്പെടുത്തുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ): മുഖ്യമന്ത്രിയും ഡെപ്യൂട്ടി സ്പീക്കറും പ്രകടിപ്പിച്ച വികാരത്തോട് ഞാനും യോജിക്കുകയാണ്. ജി. കാർത്തികേയൻ തികഞ്ഞ ജനാധിപത്യവാദിയായിരുന്നു. തന്റെ മുമ്പിലുള്ള ജനപ്രതിനിധികളെ സഹോദരതുല്യേന കാണാനും പെരുമാറാനും അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്. മുൻ സ്പീക്കർമാരിൽനിന്നും വ്യത്യസ്തമായി പോലീസിന്റെ സെക്യൂരിറ്റി സംവിധാനം അവസാനിപ്പിച്ചുകൊണ്ട് ഇന്ത്യൻ അസംബ്ലികൾക്കാകെ മാതൃകാപരമായ സമീപനം സ്വീകരിക്കുകയുണ്ടായി. സഭയിൽ ഭരണ-പ്രതിപക്ഷങ്ങൾക്ക് തുല്യപ്രാധാന്യം നൽകിക്കൊണ്ടുള്ള തീരുമാനമായിരുന്നു അദ്ദേഹം കൈക്കൊണ്ടിരുന്നത്. ഏകാധിപതികളുടെ സ്വഭാവത്തിൽനിന്നും വ്യത്യസ്തമായി തികച്ചുമൊരു ജനാധിപത്യവാദിയായി മാതൃകാപരമായി തന്റെ സ്പീക്കർസ്ഥാനം വിനിയോഗിച്ച ജി. കാർത്തികേയനെ ഞാൻ

അങ്ങേയറ്റം ബഹുമാനിക്കുകയും സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യുന്നു. അദ്ദേഹത്തിന്റെ സന്തപ്ത കുടുംബാംഗങ്ങളോടും സുഹൃത്തുക്കളോടും എന്റെയും എന്റെ പാർട്ടിയുടെയും അനുശോചനം അറിയിക്കുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സഭാദ്ധ്യക്ഷനെന്നുള്ള നിലയിൽ കേരളത്തിലും രാജ്യത്തും നിറഞ്ഞുനിൽക്കുന്ന സന്ദർഭത്തിലാണ് ജി. കാർത്തികേയൻ നമ്മെ വിട്ടുപോയിരിക്കുന്നത്. വളരെ അപ്രതീക്ഷിതമായ സമയത്ത് അദ്ദേഹത്തിന് അസുഖം ബാധിക്കുകയും ക്രമേണ അത് മൂർച്ഛിച്ച് മരണത്തിലേയ്ക്ക് പോകുകയും ചെയ്തത് നമുക്കെല്ലാപേർക്കും വളരെയേറെ വേദനയും വിഷമവും ഉണ്ടാക്കിയിരിക്കുകയാണ്. അദ്ദേഹത്തിന്റെ അന്ത്യം ഇത്രവേഗം സംഭവിക്കുമെന്ന് ആരുംതന്നെ കരുതിയിരുന്നില്ല. അത് കേരളം മുഴുവനും ഉൾക്കൊണ്ടുകൊണ്ട് ഒരു വലിയ യാത്രയയപ്പാണ് ജി. കാർത്തികേയന് നൽകിയത്. മനുഷ്യസ്നേഹിയും സഹപ്രവർത്തകരെ സുഹൃത്തുക്കളെപ്പോലെ കാണുന്ന ഒരു വ്യക്തിയുമായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ സൗഹാർദ്ദപരമായ പെരുമാറ്റവും സമീപനവും പോസിറ്റീവ് എനർജി ഉണ്ടാക്കുന്ന തരത്തിലുള്ളതായിരുന്നു. നിയമസഭയ്ക്കുള്ളിൽനിന്നും വാച്ച് ആന്റ് വാർഡിനെ പിൻവലിക്കാൻ അദ്ദേഹമെടുത്ത തീരുമാനം

നിയമസഭാ സാമാജികരിൽ വിശ്വാസമർപ്പിക്കുകയും ഇന്ത്യക്കാകെ മാതൃകാപരമായി തീരുകയും ചെയ്തു. അദ്ദേഹത്തിന്റെ നിര്യാണത്തിൽ കുടുംബാംഗങ്ങളോടും അദ്ദേഹത്തെ സ്നേഹിക്കുന്ന ലക്ഷോപലക്ഷം ജനങ്ങളോടും എന്റെയും എന്റെ പാർട്ടിയുടെയും ദു:ഖം രേഖപ്പെടുത്തുന്നു.

ശ്രീ. സി. ദിവാകരൻ: നമ്മുടെയെല്ലാം പ്രിയങ്കരനായ ജി. കാർത്തികേയൻ ഇല്ലാത്ത നിയമസഭയിലാണ് നമ്മൾ പങ്കെടുക്കുന്നത്. അദ്ദേഹം ഇപ്പോഴും നമ്മെ കാണുന്നുവെന്നാണ് ഞാൻ വിശ്വസിക്കുന്നത്. തിരുവനന്തപുരത്ത് അദ്ദേഹവുമായി ഞാൻ രാഷ്ട്രീയപ്രവർത്തനങ്ങൾ നടത്തിയ സന്ദർഭങ്ങളിൽ വളരെ വിസ്മയകരമായ അനുഭവമാണ് ലഭിച്ചിട്ടുള്ളത്. രാഷ്ട്രീയരംഗത്ത് പ്രവർത്തിക്കുന്ന എതിരാളികളെ ഒരിക്കലും ശത്രുക്കളായി കാണാൻ അദ്ദേഹം ആഗ്രഹിച്ചിരുന്നില്ല. എല്ലാ കമ്മ്യൂണിസ്റ്റുകാരോടും അവരുടെ കുടുംബങ്ങളോടും വെറും സാങ്കേതികമായ ബന്ധമായിരുന്നില്ല അദ്ദേഹം സ്വീകരിച്ചിരുന്നത്. അദ്ദേഹത്തിന്റെ വേർപാടിലൂടെ വളരെയേറെ നഷ്ടമാണ് നമുക്ക് ഉണ്ടായിരിക്കുന്നത്. വളരെ വികാരസാന്ദ്രമാണ് ഈ സഭയിപ്പോൾ. അദ്ദേഹം എല്ലാ സ്ഥാനങ്ങളോടും വിടപറയാൻ സന്നദ്ധനാണ് എന്നാണ് ഒരിക്കൽ പത്രസമ്മേളനം നടത്തി പറഞ്ഞത്. കലാ-സാംസ്കാരിക രംഗത്ത് ശ്രദ്ധേയനായിരുന്ന ജി.

കാർത്തികേയൻ. വായനയും കലയോടുള്ള സ്നേഹവും അദ്ദേഹത്തെ രാഷ്ട്രീയത്തിൽനിന്ന് വ്യത്യസ്തനാക്കിയിരുന്നു. സഭ സംഘർഷഭരിതമാകുന്ന അവസരങ്ങളിൽ ഭരണ-പ്രതിപക്ഷ അംഗങ്ങളുമായി ചർച്ചനടത്തി പ്രശ്നങ്ങൾ രമ്യമായി തീർക്കുന്നതിൽ സ്പീക്കർ എന്ന നിലയിലുള്ള അദ്ദേഹത്തിന്റെ സംഭാവന അവിസ്മരണീയമാണ്. ജനാധിപത്യത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഘടകം പ്രതിപക്ഷമാണെന്ന ജനാധിപത്യമൂല്യം ഉയർത്തിപ്പിടിച്ച ഏറ്റവും ശ്രദ്ധേയനായ, ചരിത്രപുരുഷനായ ഒരാളാണ്.  ജീവിത ക്ലേശങ്ങൾ പടവെട്ടി കയറിയ അദ്ദേഹത്തിന് രാഷ്ട്രീയത്തിൽ ഒരു ഗോഡ്ഫാദർ ഇല്ലായിരുന്നു. സ്വന്തം വ്യക്തിത്വവും അഭിപ്രായങ്ങളും ധീരമായി പ്രകടിപ്പിച്ചിരുന്നു. കേരളത്തിന്റെ പൊതുരംഗത്ത് മൂല്യത്തകർച്ചയും ജനങ്ങളിൽനിന്ന് നമ്മൾ ഒറ്റപ്പെടുന്നുവെന്ന തോന്നലുമുള്ള സങ്കീർണ്ണമായ ഈ കാലഘട്ടത്തിൽ അദ്ദേഹം നമ്മുടെ വെളിച്ചമായിരുന്നു. സഭാനടപടികൾ മുന്നോട്ടുകൊണ്ടുപോകാൻ അദ്ദേഹത്തിന്റെ മാതൃകാപരമായ സമീപനങ്ങൾ സഹായകരമാകട്ടെയെന്ന് ആശിക്കുകയാണ്. അന്തരിച്ച ജി. കാർത്തികേയന്റെ പേരിൽ നിയമസഭാ സെക്രട്ടേറിയറ്റിന്റെയോ നിയമസഭയുടെയോ സുസ്ഥിരമായ ഒരു സ്ഥാപനം  കേരള നിയമസഭയ്ക്കുണ്ടാകണം എന്ന ആഗ്രഹം പ്രകടിപ്പിക്കുന്നു. അദ്ദേഹത്തിന്റെ വേർപാടിൽ എന്റെയും എന്റെ

പാർട്ടിയുടെയും അഗാധമായ ദു:ഖം രേഖപ്പെടുത്തുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സ്പീക്കർ ജി. കാർത്തികേയന്റെ നിര്യാണം കേരളത്തെയാകമാനം ദു:ഖത്തിലാഴ്ത്തിയിരിക്കുകയാണ്. പ്രസാദാത്മകത എപ്പോഴും അദ്ദേഹത്തിന്റെ സ്വഭാവ വൈശിഷ്ട്യങ്ങളിലൊന്നായിരുന്നു. എല്ലാവരെയും പുഞ്ചിരിയോടെ സ്വീകരിക്കുന്ന വ്യക്തിത്വത്തിനുടമയായിരുന്നു. ആത്മസുഹൃത്തിനെ നഷ്ടപ്പെട്ട നഷ്ടബോധമാണ് നമ്മെ സംബന്ധിച്ചിടത്തോളമുള്ളത്. വായനയെ വളരെയധികം സ്നേഹിച്ചിരുന്ന അദ്ദേഹത്തിന് ഏത് വിഷയങ്ങളെ സംബന്ധിച്ചും നല്ല പാണ്ഡിത്യമുണ്ടായിരുന്നു. രാഷ്ട്രീയക്കാരിലെ വായനക്കാരനും വായനക്കാരിലെ രാഷ്ട്രീയക്കാരനുമായിരുന്ന ജി. കാർത്തികേയൻ കേരള നിയമസഭ കണ്ടിട്ടുള്ള സ്പീക്കർമാരിൽ അദ്വിതീയനായിരുന്നു. ഭരണഘടനയും നിയമങ്ങളും വിലയിരുത്തിക്കൊണ്ടും വിശകലനം ചെയ്തുകൊണ്ടും അദ്ദേഹം ഈ സഭയെ നയിച്ചു. പക്ഷേ ഒരു സ്പീക്കർക്ക് ഭരണഘടനയും നിയമവും മാത്രം പോര, സഭയെ നിയന്ത്രിക്കാൻ നല്ല നർമ്മബോധംകൂടി വേണം. അദ്ദേഹത്തിനുണ്ടായിരുന്ന നർമ്മ ബോധമായിരുന്നു

അദ്ദേഹത്തിന്റെ വിജയരഹസ്യം. നിയമസഭയുടെ ഉന്നതമായ നിലവാരവും സഭയുടെ കോറവും കാത്തുസൂക്ഷിക്കുന്നതിൽ ബദ്ധശ്രദ്ധനായിരുന്നു. സഭ സംഘർഷഭരിതമാകുമ്പോൾ 'ഇതെല്ലാം ലോകം മുഴുവൻ കാണുന്നുണ്ട്" എന്ന് അദ്ദേഹം പറഞ്ഞത് ഈയവസരത്തിൽ ഓർക്കുകയാണ്. നിയമസഭാ സാമാജികർക്ക് നല്ല പരിശീലനം നൽകുന്ന കാര്യത്തിൽ വളരെ തൽപ്പരനായിരുന്നു. നിയമസഭാ ജീവനക്കാരുടെ നിലവാരവും കർമ്മശേഷിയും ഉയർത്തുന്നതിന് നിരവധി പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി. നല്ല ഒരു സാംസ്കാരിക നായകൻ കൂടിയായ അദ്ദേഹത്തിന്റെ വേർപാട് സാംസ്കാരിക ലോകത്തിന് ഏറ്റവും വലിയ നഷ്ടമാണ്. തത്വങ്ങളെയും ആദർശങ്ങളെയും സത്യത്തെയും മുറുകെ പിടിച്ചുകൊണ്ട് ജീവിച്ച വ്യക്തിയായിരുന്നു. തന്റെ നിയോജകമണ്ഡലത്തിൽ വികസനപ്രവർത്തനങ്ങൾ നടപ്പാക്കുന്ന കാര്യത്തിൽ വളരെ ഉത്സുകനായിരുന്നു. പൊതുജീവിതത്തിൽ സംശുദ്ധി കാത്തുസൂക്ഷിച്ച നേതാവായിരുന്നു. മറ്റുള്ളവരിൽനിന്നും വ്യത്യസ്തനാക്കുന്ന പല സവിശേഷതകളും അദ്ദേഹത്തിനുണ്ടായിരുന്നു. പൊതുപ്രവർത്തകർക്ക് മാതൃകയായിരുന്ന ജി. കാർത്തികേയന്റെ നിര്യാണത്തിൽ എന്റെയും എന്റെ പാർട്ടിയുടെയും ദു:ഖം

പങ്കുവയ്ക്കുന്നു.

<u>ശ്രീ. മാത്യു റ്റി. തോമസ്</u>: എല്ലാവർക്കും ആദരണീയനായിരുന്ന സ്പീക്കർ ജി. കാർത്തികേയനെ സംബന്ധിച്ച് അങ്ങും കക്ഷിനേതാക്കളും പങ്കുവച്ച എല്ലാ വികാരത്തോടും ഞാനും എന്റെ കക്ഷിയും പൂർണ്ണമായും യോജിക്കുന്നു. സ്പീക്കർ എന്ന നിലയിലുള്ള പ്രവർത്തനത്തിൽ അദ്ദേഹം പൂർണ്ണ വിജയമായിരുന്നു എന്ന കാര്യത്തിൽ ആർക്കും രണ്ടുപക്ഷമുണ്ടാകില്ല. ഈ സഭയ്ക്കുള്ളിൽനിന്ന് വാച്ച് ആന്റ് വാർഡിനെ പിൻവലിച്ച അദ്ദേഹത്തിന്റെ നടപടി ഏറ്റവും ശ്രദ്ധേയമാണ്. അധികാരത്തിന്റെ ബലത്തിലല്ല, മനുഷ്യ ബന്ധങ്ങളുടെ ഊഷ്മളതയിലാണ് കൂടുതൽ ശക്തിയെന്ന് കൽപ്പിച്ച് നൽകി അത് പ്രാവർത്തികമാക്കാൻ കഴിഞ്ഞ ഒരു സഭാദ്ധ്യക്ഷനായിരുന്നു ജി. കാർത്തികേയൻ. ധനവിനിയോഗ ബിൽ പാസ്സാക്കുന്ന ഘട്ടത്തിൽ സഭയ്ക്കുള്ളിൽ ഭൂരിപക്ഷമുണ്ടോ എന്ന വിഷയം വന്നപ്പോൾ സർക്കാരിന് ഒരു ബുദ്ധിമുട്ടും ഉണ്ടാകാത്ത രീതിയിൽ അദ്ദേഹം പ്രവർത്തിച്ചത് എല്ലാവർക്കുമറിയാവുന്നതാണ്. ഗവൺമെന്റ് ബിസിനസ് നടത്തിക്കൊടുക്കുന്നതോടൊപ്പം പ്രതിപക്ഷത്തിന്റെ ശബ്ദങ്ങൾ ഉന്നയിക്കപ്പെടാൻ അവസരങ്ങൾ ഉറപ്പാക്കിക്കൊടുത്ത ജനാധിപത്യവാദിയായിരുന്നു അദ്ദേഹം. നടപടിക്രമങ്ങളെ സംബന്ധിച്ചോ മറ്റ് ഭരണഘടനാപരമായ സാങ്കേതിക

പ്രശ്നങ്ങളെ സംബന്ധിച്ചോ ഉന്നയിച്ചാൽ അത് അപ്രീഷ്യേറ്റ് ചെയ്യുന്ന സഭാദ്ധ്യക്ഷനായിരുന്നു. പുതിയ അംഗങ്ങൾക്ക് പരമാവധി പ്രോത്സാഹനം നൽകുകയും നിയമസഭാ നടപടിക്രമങ്ങളിൽ ആധുനികവൽക്കരണത്തിന്റെ പാത തേടുകയും പരിശീലന പരിപാടി, ഗവേഷണം തുടങ്ങിയ നിരവധി കാര്യങ്ങളിൽ പുതിയ കാൽവയ്പ്പുകൾ നടത്തുകയും ചെയ്തു. സഭയുടെ ഡെക്കോറം മെയിന്റെയിൻ ചെയ്യുന്ന കാര്യത്തിൽ ഭരണ-പ്രതിപക്ഷ ഭേദമെന്യേ അദ്ദേഹം ഇടപെട്ടിട്ടുണ്ട്. ദീർഘനാളത്തെ പൊതുപ്രവർത്തനത്തിൽ ത്യാഗത്തിന്റെയും സഹനത്തിന്റെയും പാതയിലൂടെയാണ് അദ്ദേഹം സഞ്ചരിച്ചത്. അടിയന്തരാവസ്ഥയ്ക്കുശേഷം ഇന്ദിരാഗാന്ധിക്കൊപ്പം നിൽക്കുന്നത് സുരക്ഷിതമാണോയെന്ന സന്ദർഭം ഉണ്ടായ അവസരത്തിൽ ഇന്ദിരാഗാന്ധിക്കൊപ്പം നിൽക്കാൻ തീരുമാനിച്ചത് ഒരു നിലപാടാണ്. പൊതുപ്രവർത്തനരംഗത്ത് നിലപാടുകൾ സുവ്യക്തമാക്കി മുന്നേറിയ കാർത്തികേയൻ എന്ന പൊതുപ്രവർത്തകനെ കേരളസമൂഹം എന്നും ഓർമ്മിക്കുമെന്ന കാര്യത്തിൽ സംശയമില്ല. പ്രചരണപരമായ കോലാഹലങ്ങൾക്കുവേണ്ടിയല്ല മറിച്ച്, ഗുണപരമായ രാഷ്ട്രീയത്തിനുവേണ്ടിയാണ് അദ്ദേഹം എന്നും നിലനിന്നിരുന്നത്. കാർത്തികേയൻ എന്ന വ്യക്തി എല്ലാവരും

അംഗീകരിക്കുന്ന മാന്യതയുടെ പര്യായവും ആദർശശുദ്ധിയുടെ ആൾരൂപവുമായിരുന്നു. രാഷ്ട്രീയത്തെ പരിപൂർണ്ണമായി ഉൾക്കൊണ്ടുകൊണ്ട് സത്യസന്ധതയുടെ പാതയിൽ മുന്നോട്ടുപോയ അദ്ദേഹത്തിന്റെ പൊതുപ്രവർത്തനവും വ്യക്തിജീവിതവും ഈ കാലഘട്ടത്തിലെ എല്ലാ പൊതുപ്രവർത്തകർക്കും മാതൃകയാണ്. രാഷ്ട്രീയ പ്രവർത്തകൻ ഒരിക്കലും മുകളിലേയ്ക്ക് നോക്കരുത് പകരം, താഴേയ്ക്ക് നോക്കിയാൽ തന്നേക്കാൾ അർഹരായവർ തനിക്ക് താഴെയുണ്ടെന്ന തിരിച്ചറിവ് ഉണ്ടാകുമെന്നും ഉള്ള സ്ഥാനത്ത് സംതൃപ്തിയോടുകൂടി പ്രവർത്തിക്കാമെന്നുമുള്ള ആശയം അദ്ദേഹം പലരുമായി പങ്കുവച്ചിട്ടുണ്ട്. തനിക്ക് ലഭിച്ച സ്ഥാനമാനങ്ങൾ വ്യക്തിപരമായ നേട്ടങ്ങൾക്കുവേണ്ടി ദുരുപയോഗം ചെയ്യാതെ പൊതുനന്മയ്ക്കുവേണ്ടി അങ്ങേയറ്റം യത്നിക്കാനുള്ള അവസരമായിക്കണ്ട ഒരു മാതൃകാ പൊതുപ്രവർത്തകനെക്കുറിച്ചാണ് നമുക്ക് നഷ്ടമായിരിക്കുന്നത്. അദ്ദേഹം കാണിച്ച ഉന്നതമായ മൂല്യങ്ങൾ തുടരുക എന്ന ഉത്തരവാദിത്വം നിറവേറ്റണ്ടതായിട്ടുണ്ട്. സ്പീക്കർ ജി. കാർത്തികേയന്റെ അകാല നിര്യാണത്തിൽ ഞാനും എന്റെ കക്ഷിയും ദു:ഖം രേഖപ്പെടുത്തുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി

(ശ്രീ. കെ. പി. മോഹനൻ): വിദ്യാർത്ഥി യുവജന പ്രസ്ഥാനങ്ങളിലൂടെ വളർന്നുവന്ന് രാഷ്ട്രീയത്തിൽ ഉന്നതസ്ഥാനം അലങ്കരിച്ച ജി. കാർത്തികേയന്റെ വേർപാട് അത്യന്തം വേദനാജനകമാണ്. നിയമസഭാ സാമാജികരോടുള്ള അദ്ദേഹത്തിന്റെ സമീപനം വളരെയധികം വ്യത്യസ്തമായിരുന്നു. സാമാജികരെ സ്വന്തം സഹോദരരെ പോലെ സ്നേഹിക്കാനും സഭയ്ക്കകത്ത് എങ്ങനെ പെരുമാറണമെന്നതിനെക്കുറിച്ച് അവബോധമുണ്ടാക്കി കൊടുക്കാനും അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്. സൗമ്യത പ്രവൃത്തിയിലും വാക്കുകളിലും മുഖത്തും നിറഞ്ഞുനിന്നിരുന്നു. സ്വന്തം സഹോദരനെപ്പോലെ ഒരുപാട് കാര്യങ്ങൾ അദ്ദേഹവുമായി സംസാരിക്കാനും പങ്കുവയ്ക്കാനും എനിക്ക് കഴിഞ്ഞിട്ടുണ്ട്. അദ്ദേഹത്തിന്റെ സദ്പ്രവൃത്തികളും ജീവിതത്തിലെ നന്മകളും കൊണ്ട് രാഷ്ട്രീയത്തിലും നിയമസഭാ ചരിത്രത്തിലും എന്നും കാലത്തിന്റെ മറവികളെ അതിജീവിക്കുന്ന ജനനായകനായി ജി. കാർത്തികേയൻ മാറും. അദ്ദേഹത്തിന്റെ പാവന സ്മരണയ്ക്കുമുമ്പിൽ ആദരാഞ്ജലി അർപ്പിക്കുന്നതോടൊപ്പം സന്തപ്ത കുടുംബത്തെ എന്റേയും എന്റെ പാർട്ടിയുടേയും അനുശോചനം അറിയിക്കുകയും ചെയ്യുന്നു.

ശ്രീ. എ. കെ. ശശീന്ദ്രൻ: എല്ലാവരേയും വേദനിപ്പിച്ചുകൊണ്ട്

അകാലത്തിൽ നമ്മെ വിട്ടുപിരിഞ്ഞുപോയ പ്രിയപ്പെട്ട സ്പീക്കർ ജി. കാർത്തികേയന്റെ നിര്യാണത്തിൽ മുഖ്യമന്ത്രിയും മറ്റ് കക്ഷിനേതാക്കളും പ്രകടിപ്പിച്ച അഭിപ്രായ പ്രകടനങ്ങളെ ഞാനും അടിവരയിടുകയാണ്. പത്ത് നാല്പത് വർഷമായി എന്നെ അറിയുകയും ഞാൻ അറിയുകയും ചെയ്യുന്ന ഉത്തമ സഹപ്രവർത്തകന്റെ വേർപാട് ഏറ്റവും വേദനാജനകമാണ്. 1967-68 കാലഘട്ടത്തിൽ കൊല്ലം എസ്.എൻ. കോളേജിലേയും വർക്കലയിലേയും വിദ്യാർത്ഥി യുവജനപ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തന വേദികളിൽവച്ചാണ് ഞാനും ജി. കാർത്തികയേനുമായുള്ള ബന്ധം ആരംഭിക്കുന്നത്. അന്ന് മുതൽ ഈ ദിവസം വരെ ഒരു സുഹൃത്ത് എന്ന നിലയിൽ സഹോദര തുല്യമായ ബന്ധമാണ് ഞാൻ അദ്ദേഹവുമായി പുലർത്തിപോന്നിട്ടുള്ളത്. രാഷ്ട്രീയ പ്രവർത്തനത്തിൽ അദ്ദേഹത്തിന്റെ നിരീക്ഷണങ്ങളേയും അഭിപ്രായങ്ങളെയും വളരെ താല്പര്യത്തോടെ ഞാൻ ശ്രദ്ധിക്കുമായിരുന്നു. നാളിതുവരെ സഭയിൽ ശക്ധർ ആന്റ് കൗൾ ഉദ്ധരിക്കാത്ത ഏക സ്പീക്കർ ജി. കാർത്തികേയനായിരിക്കും. നിയമത്തിന്റെ ചാട്ടവാർ ഉപയോഗിച്ചല്ല മറിച്ച് സൗമ്യതകൊണ്ടും ഉന്നത ജനാധിപത്യ ബോധംകൊണ്ടും സഭയെ നിയന്ത്രിക്കാൻ ശ്രമിച്ച സ്പീക്കർ എന്ന വിശേഷണത്തിന് അദ്ദേഹം

അർഹനാണ്. സൗമ്യസ്വഭാവമുള്ള ഒരു പൊതുപ്രവർത്തകനേയും ഉന്നത ജനാധിപത്യബോധമുള്ള രാഷ്ട്രീയ പ്രവർത്തകനേയും നിയമസഭാ നടപടികളെ മാതൃകാപരമായി നിയന്ത്രിക്കുകയും പുതിയ പരിഷ്ക്കാരങ്ങൾ നടപ്പിൽ വരുത്തുകയും ചെയ്ത മാതൃകാ സ്പീക്കറെയുമാണ് നമുക്ക് നഷ്ടപ്പെട്ടിരിക്കുന്നത്. എല്ലാറ്റിനുമുപരി മനുഷ്യസ്നേഹിയായ ഒരു രാഷ്ട്രീയ പ്രവർത്തകനുമായിരുന്നു അദ്ദേഹം. സംശുദ്ധമായ പൊതുജീവിതം ഒരു പ്രഹേളികയായി മാറിയ ഇന്നത്തെ സാഹചര്യത്തിൽ രാഷ്ട്രീയ പ്രവർത്തനത്തിന് വിശുദ്ധിയും സംശുദ്ധിയും ആവശ്യമാണെന്ന് എല്ലാ കാലത്തും ഓരോ നിമിഷവും നമ്മെ ഓർമ്മിപ്പിച്ചുകൊണ്ടാണ് ജി. കാർത്തികേയൻ വിടവാങ്ങിയത്. ജി. കാർത്തികേയൻ ഉയർത്തിപ്പിടിച്ച ജീവിത വിശുദ്ധിയുടെ സന്ദേശം ഉൾക്കൊള്ളാൻ നമുക്ക് കഴിയുമെങ്കിൽ എന്നാശിച്ചുകൊണ്ടും അദ്ദേഹത്തിന്റെ നിര്യാണത്തിൽ ദു:ഖിക്കുന്ന ബന്ധുക്കളോടും സുഹൃത്തുക്കളോടും സഹപ്രവർത്തകരോടും എന്റെയും എന്റെ പാർട്ടിയുടേയും അനുശോചനം രേഖപ്പെടുത്തിക്കൊണ്ടും എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീ. എ. എ. അസീസ്:</u> ജി. കാർത്തികേയൻ നിയമസഭാ സ്പീക്കർ എന്നതിലുപരി ഉത്തമനായ ഒരു രാഷ്ട്രീയ പ്രവർത്തകനുമായിരുന്നു. രാഷ്ട്രീയ-

സാമൂഹിക രംഗത്ത് പ്രവർത്തിക്കുന്ന ഒരു പൊതുപ്രവർത്തകൻ സ്വീകരിക്കേണ്ട എല്ലാ മാനദണ്ഡങ്ങളും മൂല്യങ്ങളും മുറുകെ പിടിച്ച് പ്രവർത്തിച്ച ആളായിരുന്നു അദ്ദേഹം. സഭാനടപടികളിൽ പ്രതിപക്ഷത്തെ പ്രകോപിതരാക്കാതെ തീരുമാനം എടുക്കാനുള്ള ദൗത്യത്തിൽ വിജയിച്ച ജി. കാർത്തികേയൻ ഒരു ജനപ്രിയ നേതാവായിരുന്നു. നിയമസഭാ സ്പീക്കറായും രണ്ട് തവണ മന്ത്രിയായും പ്രവർത്തിച്ച അദ്ദേഹത്തിന്റെ ജീവിതശൈലി എന്നും ഒരു സാധാരണക്കാരന്റേതായിരുന്നു. 1991 മുതൽ നാല് പ്രാവശ്യം ആര്യനാട് മണ്ഡലത്തിലും അഞ്ചാമത്തെ തവണ അരുവിക്കര മണ്ഡലത്തിൽ നിന്ന് മത്സരിക്കുമ്പോഴും അദ്ദേഹത്തിന് എതിരായി മൽസരിച്ചത് ആർ.എസ്.പി.ക്കാരായിരുന്നു. അന്നുമുതൽ സാധാരണക്കാരുമായി അദ്ദേഹം പുലർത്തിവരുന്ന ബന്ധവും തുടർച്ചയായി നടത്തിയ ജനസേവനവുമാണ് അദ്ദേഹത്തിന്റെ വിജയത്തിന് സഹായിച്ചിട്ടുള്ളത്. അദ്ദേഹത്തിന്റെ സൗമ്യതയും പാവങ്ങളോടുള്ള കരുണയും കൊണ്ടാണ് പതിനായിരക്കണക്കിന് ആളുകൾ അദ്ദേഹത്തെ ഒരു നോക്കു കാണാൻ തടിച്ചുകൂടിയത്. അദ്ദേഹത്തിന്റെ പാവന സ്മരണയ്ക്കുമുമ്പിൽ എന്റെയും എന്റെ പാർട്ടിയുടെയും ദു:ഖം രേഖപ്പെടുത്തുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും

വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): നിയമസഭാ സ്പീക്കർ ജി. കാർത്തികേയന്റെ വേർപാടിലുള്ള ദു:ഖം പങ്കുവയ്ക്കുന്നു. അദ്ദേഹം ഒരു സഹോദരനും സുഹൃത്തും പിതൃതുല്യനുമായി പലർക്കും സമീപസ്ഥനായിരുന്നു എന്നത് വസ്തുതയാണ്. അദ്ദേഹത്തിന്റെ സൗമ്യമായ പെരുമാറ്റം ആരേയും ആകർഷിക്കുന്നത് തന്നെയാണ്. ജനങ്ങളുടെ വികാരത്തെ ഉൾക്കൊണ്ടുകൊണ്ട് പ്രവർത്തിക്കാൻ കഴിഞ്ഞുവെന്നതാണ് അദ്ദേഹത്തിന്റെ ജീവിത വിജയത്തിന്റെ രഹസ്യം. അദ്ദേഹം സദാ കർമ്മനിരതനായിരുന്നു. രോഗശയ്യയിൽ ആയിരുന്നപ്പോഴും അദ്ദേഹം പൊതുപരിപാടികളിൽ പങ്കെടുക്കാൻ സമയം കണ്ടെത്തുകയും ജനങ്ങളോടൊപ്പം നിന്ന് പ്രവർത്തിക്കാൻ ആഗ്രഹിക്കുകയും ചെയ്തു. അഗാധമായ വായനയായിരുന്നു അദ്ദേഹത്തിന്റെ കരുത്ത്. ജീവിതത്തിൽ എത്ര ഉന്നതസ്ഥാനത്ത് എത്തിയാലും അവരുടെ ജീവിതത്തിൽ സ്വാധീനം ചെലുത്തിയ ഒരു അധ്യാപകന്റെ ഗണത്തിൽ അദ്ദേഹത്തെ പെടുത്താം. സഭയിൽ അച്ചടക്കം പാലിക്കാതിരുന്നാലോ അലസമായി നിന്നാലോ അദ്ദേഹം പേരെടുത്ത് ശാസിക്കുകയും രോഷം പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. അദ്ദേഹം സഭയെ അത്രമാത്രം സ്നേഹിച്ചിരുന്നു. കർശന സ്വഭാവത്തോടെ സമീപിക്കുമ്പോഴും അദ്ദേഹത്തിന് വലിയൊരു മനസ്സ് ഉണ്ടായിരുന്നു.

നിയമത്തിന്റെ ചട്ടക്കൂട്ടുകളല്ല മറിച്ച് സൗമ്യതയോടെ എല്ലാവരേയും നിയന്ത്രിക്കാൻ കഴിയണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. അദ്ദേഹത്തിന്റെ സ്മരണകൾ നമുക്ക് എന്നും പ്രചോദനമായിരിക്കും. അദ്ദേഹത്തിന്റെ ദീപ്ത സ്മരണയ്ക്കുമുമ്പിൽ ശിരസ്സ് നമിക്കുന്നു. അദ്ദേഹത്തിന്റെ കുടുംബത്തിന്റെ ദു:ഖത്തിൽ പങ്കുചേരുന്നതോടൊപ്പം എന്റേയും എന്റെ പാർട്ടിയുടേയും അനുശോചനം അറിയിക്കുകയും ചെയ്യുന്നു.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: കഴിഞ്ഞ ശനിയാഴ്ചവരെ ഈ സഭയുടെ നാഥനായിരുന്ന ജി. കാർത്തികേയൻ ഇന്ന് നമ്മോടൊപ്പമില്ല. അദ്ദേഹത്തിന്റെ വേർപാടിലൂടെ കേരള രാഷ്ട്രീയത്തിനും ഇന്ത്യൻ രാഷ്ട്രീയത്തിനും ഒരു കരുത്തുറ്റ നേതാവിനെയാണ് നഷ്ടപ്പെട്ടിരിക്കുന്നത്. ഒരു ജ്യേഷ്ഠ സഹോദരന്റെ നഷ്ടമാണ് അദ്ദേഹത്തിന്റെ വേർപാടിലൂടെ എനിക്ക് അനുഭവപ്പെടുന്നത്. മറ്റുള്ളവരുടെ ദു:ഖം കണ്ണുനീരാകുമ്പോൾ ആശ്വാസ വാക്കുകളിലൂടെ അവർക്ക് സാന്ത്വനം പകരാൻ അദ്ദേഹത്തിന് സാധിക്കുമായിരുന്നു. സാംസ്കാരിക രംഗത്ത് അദ്ദേഹം നടപ്പിലാക്കിയ പരിഷ്കാരങ്ങൾ കേരളത്തിൽ അങ്ങോളമിങ്ങോളം കാണാൻ സാധിക്കും. കല, സിനിമ, സാഹിത്യം എന്നീ രംഗങ്ങളിൽ അദ്ദേഹം നല്ല ആസ്വാദനപാടവം പുലർത്തിയിരുന്നു. മലയാള സിനിമകൾ കാണാനും വിമർശിക്കേണ്ടവയെ

ശക്തമായ ഭാഷയിൽ വിമർശിക്കാനും അദ്ദേഹം തയ്യാറായിരുന്നു. നല്ല വായനാശീലമുള്ള ഓരാളായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ ആദർശവും രാഷ്ട്രീയ ജീവിത ശൈലിയും അദ്ദേഹത്തെ മറ്റുള്ളവരിൽ നിന്നും വ്യത്യസ്തനാക്കുന്നു. നിയമസഭ മന്ദിരത്തിന്റെ മുറ്റത്ത് മഴവെള്ള സംഭരണി സ്ഥാപിക്കാനും പാരിസ്ഥിതിക സൗഹൃദത്തിലൂടെ ഒരു ഗ്രീൻ അസംബ്ലി ആക്കി മാറ്റാനുള്ള ശ്രമവും അദ്ദേഹം നടത്തിയിരുന്നു. ഈ ആധുനിക യുഗത്തിൽ ഗ്രാമത്തിന്റെ നൈർമല്യം വിടാതെയുള്ള പ്രവർത്തനമാണ് അദ്ദേഹം ഇതിലൂടെ കാഴ്ചവയ്ക്കുന്നത്. കേരളത്തിലെ രാഷ്ട്രീയരംഗത്തും സാംസ്കാരിക രംഗത്തും നികത്താൻ കഴിയാത്ത നഷ്ടമാണ് അദ്ദേഹത്തിന്റെ വേർപാടിലൂടെ സംജാതമായിരിക്കുന്നത്. കലാരംഗത്ത് മികവുകാട്ടുന്ന കലാകാരെ ഉൾക്കൊള്ളാനും അഭിനന്ദിക്കാനും കഴിയുന്ന ഒരു വലിയ മനസ്സിന്റെ ഉടമയായിരുന്നു അദ്ദേഹം. ജനകീയനായ ഒരു രാഷ്ട്രീയ നേതാവ് എന്നതിനപ്പുറം കരുത്തനായ ആദർശശാലിയെയാണ് നമുക്ക് നഷ്ടപ്പെട്ടത്. അദ്ദേഹത്തിന്റെ കുടുംബത്തിന്റെ ദു:ഖത്തിൽ ഞാനും എന്റെ പാർട്ടിയും പങ്ക് ചേരുകയും അദ്ദേഹത്തിന്റെ വേർപാടിൽ അനുശോചനം രേഖപ്പെടുത്തുകയും ചെയ്യുന്നു.

(അന്തരിച്ച മഹദ്വ്യക്തിയോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റ് നിന്ന് മൗനം ആചരിച്ചു.)

## അറിയിപ്പ്

### അനുസ്മരണ സമ്മേളനം

മി. ഡെപ്യൂട്ടി സ്പീക്കർ: ഇന്ന് ഉച്ചയ്ക്കുശേഷം മൂന്ന് മണിക്ക് നിയമസഭ സെക്രട്ടേറിയറ്റിന്റെ അനുസ്മരണ സമ്മേളനം മെമ്പേഴ്സ് ലോഞ്ചിൽ നടത്താൻ തീരുമാനിച്ചിരിക്കുന്നതിനാൽ എല്ലാ ബഹുമാന്യരായ അംഗങ്ങളെയും ഉദ്യോഗസ്ഥരെയും അവിടേയ്ക്ക് ക്ഷണിക്കുന്നു. ഈ സഭ പിരിഞ്ഞാലുടൻ തന്നെ കാര്യോപദേശക സമിതിയുടെ യോഗം ഉണ്ടായിരിക്കുന്നതാണ്.

സഭ രാവിലെ 10.07- ന് പിരിഞ്ഞു.

***************